SJ-B

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - സാമൂഹിക നീതി വകുപ്പ് നൽകുന്ന ജെൻഡർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ കോളത്തിലെ രേഖപ്പെടുത്തലുകളിൽ മാറ്റം വരുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.135/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 31/03/2021

---

പരാമർശം:- 1 സ.ഉ.(പി) നമ്പർ.5/18/പൊ.വി.വ തീയതി 06.03.2018

2 സ.ഉ.(സാധാ) നമ്പർ.477/2019/സാ.നീ.വ തീയതി 30/07/2019

ഉത്തരവ്

സംസ്ഥാനത്ത് ഒരു വ്യക്തി ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ പ്രത്യേക ലിംഗത്തിലേക്ക് മാറിയിട്ടുണ്ടെങ്കിൽ, അവർക്ക് എസ്.എസ്.എൽ.സി ബുക്കിൽ പേര്, ലിംഗം എന്നിവ തിരുത്തുന്നതിനും എസ്.എസ്.എൽ.സി ബുക്കിൽ ജെൻഡർ എന്നതിനു മൂന്നാമത്തെ ഓപ്ഷൻ ആയി ട്രാൻസ് ജെൻഡർ എന്നുകൂടി സ്കൂൾ രേഖകളിലും എസ്.എസ്.എൽ.സി ബുക്കിലും ചേർക്കുന്നതിനും പരാമർശം (1) ഉത്തരവ് പ്രകാരം പ്രത്യേക അനുമതി നൽകിയിരുന്നു.

2) എന്നാൽ, പരാമർശം(1)ലെ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും ട്രാൻസ്ജെന്റർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുമായി ട്രാൻസ്ജെന്റർ മേഖലയിൽ പ്രവർത്തിക്കുന്ന ക്വീറള എന്ന സംഘടന ബഹു ഹൈ കോടതിയിൽ 20056/18 റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ 09.07.18 ലുണ്ടായ വിധിന്യായം നടപ്പിൽ വരുത്തി പരാമർശം(2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

3) പരാമർശം(2)ലെ ഉത്തരവ് പ്രകാരം, സാമൂഹിക നീതി വകുപ്പ് നൽകുന്ന ജെന്റർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ഔദ്യോഗിക രേഖകളിൽ ലിംഗപദവി രേഖപ്പെടുത്തിയിരിക്കുന്നതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നിർദേശം നൽകുകയും, ടി ജെന്റർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എസ് എസ് എൽ സി സർട്ടിഫിക്കറ്റിലെ രേഖപ്പെടുത്തലുകളിൽ മാറ്റം വരുത്തുന്നതിനായി പരാമർശം(1) ഉത്തരവ് ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിന് നിർദേശം നൽകുകയുമുണ്ടായി.

4) മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ടും, സാമൂഹിക നീതി വകുപ്പ് നൽകുന്ന ജെൻഡർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ കോളത്തിലെ രേഖപ്പെടുത്തലുകളിൽ മാറ്റം വരുത്തുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, പൂജപ്പുര, തിരുവനന്തപുരം

സാമൂഹികനീതി വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KITE, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക(വെബ്&ന്യൂ മീഡിയ/പ്രസ്സ് റിലീസ്) വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി

<u>പകർപ്പ്:-</u>

ബഹു: പൊതുവിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്

Validity unknown
Digitally signed by PARVATHY S A
Date: 2021.04.09 11:56:56 IST
Reason: Approved